"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടം ദേശീയപാത വികസനത്തിനായി പൊളിച്ച് മാറ്റിയ ഇനത്തിലുള്ള നഷ്ടപരിഹാരത്തുക ചവറ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.552/2025/LSGD തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:-

1. സ.ഉ(കെ) നം.237/2021/ ആർഡി തീയതി 23/11/2021
2. സ.ഉ(സാ.ധാ) നം.232/2022/ ധന തീയതി 12/1/2022
3. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ(എൽ.എ) എൻ എച്ച് & കോമ്പിറ്റന്റ് അതോറിറ്റിയുടെ 26.04.2023-ലെ എ1-3715/202(1) നമ്പർ നടപടിക്രമം
4. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 22.08.2024 ലെ LSGD/PD/15580/2023-REV6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽപെട്ട ഒരു മുറിയും അനുബന്ധ നിർമ്മിതികളും ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിച്ച് മാറ്റിയതുവഴി പരാമർശം (1 &2) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരമായി അനുവദിച്ച 11,05,088/- രൂപ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ & കോംപീറ്റന്റ് അതോറിറ്റി കൊല്ലം & പ്രൊജക്റ്റ് ഡയറക്ടർ, നാഷണൽ ഹൈവേ ഓഫ് ഇന്ത്യ, തിരുവനന്തപുരം എന്നിവരുടെ സംയുക്ത അക്കൗണ്ടിലേക്ക് അനുവദിച്ചുകൊണ്ട് പരാമർശം (3) ലെ നടപടിക്രമം പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത തുക BAMS-ൽ അലോട്ട്മെന്റ് അനുവദിച്ചുകൊണ്ട് ചവറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ മാറ്റി നൽകണമെന്ന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമേഖല/തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പിതര സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി വികസന ആവശ്യങ്ങൾക്കു ഏറ്റെടുക്കുമ്പോൾ ലഭിക്കുന്ന നഷ്ടപരിഹാരം സർക്കാരിലേക്കു തന്നെ ഒടുക്കുന്നതിനു വേണ്ടിയാണു '0075-00-105-98-എയർപോർട്ട്, റെയിൽവേ, എൻഎച്ച്, കേരളത്തിലെ മറ്റ് പൊതു പദ്ധതികൾ തുടങ്ങിയ വിവിധ പ്രോജക്ടുകൾക്കായി പൊതുമേഖലാ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഫലമായി ലഭിച്ച നഷ്ടപരിഹാരം' എന്ന ശീർഷകം പരാമർശം (1) & (2) തുറന്നിട്ടുള്ളത്. സർക്കാർ ചെലവിൽ പ്രസ്തുത

ഭൂമിയിൽ നിർമ്മാണം നടന്നിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട നഷ്ടപരിഹാരവും സർക്കാർ ശീർഷകത്തിലാണു ഒടുക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിനു ലഭിക്കേണ്ട നഷ്ടപരിഹാരം തെറ്റായി മേൽ ശീർഷകത്തിൽ ഒടുക്കിയതാണെങ്കിൽ അതു റീ-ഫണ്ട് ചെയ്തു ചവറ ബ്ലോക്ക് പഞ്ചായത്തിനു നടപടിക്രമങ്ങൾ സ്വീകരിച്ചു മാറി നൽകാവുന്നതാണ് എന്നതിനാൽ പരാമർശം (1&2) പ്രകാരം ദേശീയപാത വികസനത്തിന്റെ ഭാഗമായി പഞ്ചായത്ത് ഉടമസ്ഥതയിൽപെട്ട ഒരു മുറിയും അനുബന്ധ നിർമ്മിതികളും പൊളിച്ച് മാറ്റിയ ഇനത്തിൽ നഷ്ടപരിഹാര തുകയായി സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ(എൽ.എ) എൻ എച്ച് & കോമ്പിറ്റന്റ് അതോറിറ്റി '0075-00-105-98 Compensation for land acquisition' എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്ത 11,05,088/- രൂപ (പതിനൊന്നു ലക്ഷത്തി അയ്യായിരത്തി എൺപത്തിയെട്ട് രൂപ മാത്രം) ചവറ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനു ഒരു ഡി.ഡി.ഒ. യെ ചുമതലപ്പെടുത്തേണ്ടതും, തുടർന്ന് ട്രഷറി റീഫണ്ട് മാസ്റ്ററിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിനു ട്രഷറിയെ സമീപിക്കേണ്ടതും, ബിംസ് ആപ്ലിക്കേഷൻ വഴി റീഫണ്ടു ബിൽ എടുത്തു ട്രഷറിയിൽ സമർപ്പിച്ചു തുക മാറി നൽകുണ്ടേതുമാണെന്ന നിർദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, ചവറ ബ്ലോക്ക്പഞ്ചായത്ത്, കൊല്ലം ജില്ല
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (2932026/DEV-2/259/2024-FIN)
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി1/366/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 25-02-2025 14:37:46